## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1596 — 12.06.2019 ൽ മറുപടിക്ക്

## മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമ സംസ്കരണശാല

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | മങ്കട മണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമ സംസ്കരണ ശാല ആരംഭിക്കുന്നതിന് ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച റിപ്പോർട്ട് നിയമ വകുപ്പ് നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടും നാളിതുവരെ തുടർ ഉത്തരവുകൾ നൽകാൻ വൈകിയതിനുള്ള കാരണം വ്യക്തമാക്കാമോ; | ബി), സി)& ഡി) മിൽമ സംസ്കരണശാലയ്ക്ക് വിട്ടുകൊടുക്കാൻ ആവശ്യപ്പെട്ടിരിയ്ക്കുന്ന ഭൂമി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218-ാം വകുപ്പ് പ്രകാരം മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുഴ പുറമ്പോക്കാണ്. ഇത്തരത്തിലുള്ള ഭൂമി കൈമാറ്റം ചെയ്യാൻ വ്യവസ്ഥയില്ലാത്തതാണ്. എന്നാൽ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 8(1) പ്രകാരം ഒരു പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകാവുന്നതാണ് എന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച ഗ്രാമ പഞ്ചായത്തിന്റെ തീരുമാനവും ആവശ്യമായ റിപ്പോർട്ടിന്റെ പകർപ്പുകളും ലഭ്യമാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ-പഞ്ചായത്ത് 06/06/2019 ൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| സി) | സമയബന്ധിതമായി പ്രസ്തുത അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | |
| ഡി) | നിലവിൽ പ്രസ്തുത ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ